# മാതൃകാചോദ്യപേപ്പർ

SET 2

## USS EXAMINATION - FEBRUARY 2016

### Paper I - Part B - മലയാളം (BT)

1. താഴെ തന്നിട്ടുള്ളവയിൽ കുഞ്ചൻനമ്പ്യാരുടേതല്ലാത്ത വരികൾ ഏത്?

A കുറ്റം പറഞ്ഞു ചിരിക്കുന്നവരോടു

ചുറ്റത്തിനാളുകളേറ്റമുണ്ടായ് വരും.

B താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ

താന്താനനുഭവിച്ചീടുകെന്നേ വരൂ

C കനകം മൂലം കാമിനി മൂലം

കലഹം ബഹുവിധമുലകിൽ സുലഭം

D താളക്കാരനു മാത്ര പിഴച്ചാൽ

തകിലറിയുന്നവനവതാളത്തിൽ

2. 'മുഖം മോശമായതിന് കണ്ണാടിയുടയ്ക്കുക.' എന്ന ശൈലി താഴെ തന്നിട്ടുള്ള വാക്യങ്ങളിൽ ഏതിനാണ് യോജിക്കുന്നത്?

A നമ്മെ സഹായിക്കാനെത്തുന്ന രാഷ്ട്രങ്ങളുടെ സേവനം നാം ഒരിക്കലും മറക്കരുത്.

B തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങളിൽ തൊഴിലുടമകൾ മുഖം കറുപ്പിക്കുന്നത് ശരിയല്ല.

C സത്യസന്ധനായ ഒരു ഉദ്യോഗസ്ഥന് മുഖം നോക്കി നീതി നടപ്പാക്കാനാവില്ല.

D വിദ്യാർത്ഥിസമരങ്ങളുടെ പേരിൽ വിദ്യാഭ്യാസമേ വേണ്ടെന്നു വെയ്ക്കുന്നത് ശരിയല്ല.

3. അനേകം തനതുകഥാപാത്രങ്ങളെ സൃഷ്ടിച്ചിട്ടുള്ള കഥാകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. മജീദ് എന്ന കഥാപാത്രം അദ്ദേഹത്തിന്റെ ഏത് കൃതിയിലാണ്?

A ബാല്യകാലസഖി B പ്രേമലേഖനം

C ഭൂമിയുടെ അവകാശികൾ D മുച്ചീട്ടുകളിക്കാരന്റെ മകൾ

4. അക്ഷരത്തെറ്റില്ലാത്ത പദങ്ങളുടെ കൂട്ടം ഏത്?

A ശുശ്രൂഷ/ പതിവ്രത/ അതിഥി /കവയിത്രി

B ശിശ്രൂഷ/ പതിവൃത/ അതിഥി /കവയത്രി

C സിശ്രൂഷ/ പ്രതിവ്രത/ അതിധി /കവിയത്രി

D ശിസ്രൂഷ/ പതിവ്രാത/ അദിതി /കവിയിത്രി

5. 'യോഗ്യതയില്ലാത്തവരും പ്രമാണികളാകുക' എന്ന് അർത്ഥമാക്കുന്ന പഴഞ്ചൊല്ല് ഏത്?

A കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി.

B മിണ്ടാപ്പൂച്ച കലമുടയ്ക്കും.

C അങ്കവും കാണാം, താളിയുമൊടിക്കാം.

D വാളെടുത്തവനെല്ലാം വെളിച്ചപ്പാട്.

6. താഴെ തന്നിട്ടുള്ളവയിൽ ശരിയായ വാക്യം ഏത്?

A കാപ്പിയോ അഥവാ ചായയോ കുടിക്കാം.

B ഗംഗ ഭാരതത്തിലെ ഒരു പുണ്യ നദിയാണ്.

C ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ പരസ്പരം അങ്ങോട്ടുമിങ്ങോട്ടും കലഹിക്കുന്നു.

D അവൻ തോറ്റതിന് കാരണം പഠിക്കാതിരുന്നതുകൊണ്ടാണ്.

7. താഴെ തന്നിട്ടുള്ള കൂട്ടങ്ങളിൽ അക്ഷരക്രമം പാലിച്ചിട്ടുള്ളത് ഏത്?

A കൗതുകം/കംസൻ/കൈകേയി/കൃഷി

B കൃഷി/കൈകേയി/കൗതുകം/കംസൻ

C കൈകേയി/കൃഷി/കംസൻ/കൗതുകം

D കംസൻ/കൗതുകം/കൈകേയി/കൃഷി

8. താഴെ തന്നിട്ടുള്ളവയിൽ കൂട്ടത്തിൽപ്പെടാത്തത് ഏത്?

A ഷഡ്ജം

B ഗാന്ധാരം

C ലാസ്യം

D പഞ്ചമം

9. താളവ്യത്യാസമുള്ള വരികൾ താഴെ കൊടുത്തിട്ടുള്ളവയിൽ ഏതാണ്?

A പാടത്തുപോയ് പാംസുലപാദചാരി

കൃഷീവലൻ വേല തുടങ്ങി നൂനം

B പൊന്നും ചിലമ്പിട്ട് നീലമലവഴി

വന്നിറങ്ങുന്ന മഴയില്ലേ?

C കണ്ടത്തിൽ നീങ്ങുന്ന വെള്ളമേഘങ്ങൾ തൻ

കണ്ഠത്തിൽ കിലുങ്ങുന്നു.

D പാടമുണ്ടെൻ കൈയിലീരറക്കന്നുണ്ടു

പാടുപെടുന്നൊരു പെണ്ണുമുണ്ട്.

10. ചില പ്രശസ്തസംവിധായകരും സിനിമകളും അടങ്ങുന്ന ജോടികളാണ് താഴെ കൊടുത്തിട്ടുള്ളത്. അവയിൽ ശരിയായത് കണ്ടെത്തുക.

A രാമു കാര്യാട്ട് - സ്വയംവരം

B എം.ടി. വാസുദേവൻ നായർ - നിർമ്മാല്യം

C അടൂർ ഗോപാലകൃഷ്ണൻ - വാനപ്രസ്ഥം

D ഷാജി എൻ. കരുൺ - കഥാപുരുഷൻ

11. 'ഒരർത്ഥത്തിൽ ഇതൊരു പുരാണ കഥാപ്രസംഗമാണ്. വിദൂഷകവേഷം കെട്ടി, ഫലിതവുംപരിഹാസവും ഇടകലർത്തി ഈ ദൃശ്യകല അവതരിപ്പിക്കുന്നു. അംഗചലനവും ഭാവാഭിനയവും സമ്മേളിക്കുന്ന ഈ കലാപ്രകടനത്തിൽ ആരെയും വിമർശിക്കുവാനുള്ള സ്വാതന്ത്ര്യം കലാകാരനുണ്ട്. ' ഏതു കലാരൂപത്തെക്കുറിച്ചുള്ള സൂചനകളാണ് ഈ വരികളിൽ നിന്നും ലഭിക്കുന്നത്?

A കൂടിയാട്ടം

B ഓട്ടൻതുള്ളൽ

C ചാക്യാർകൂത്ത്

D കുറത്തിയാട്ടം

12. 'ഒരറിവും പകർന്നു നൽകാത്തതായി ഒരു പുസ്തകവുമില്ല.'- ചിന്തകനും പ്രഭാഷകനുമായിരുന്ന ഡോ. സുകുമാർ അഴീക്കോട് ഇങ്ങനെ അഭിപ്രായപ്പെടുന്നുണ്ട്. ഈ അഭിപ്രായം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

A പുസ്തകങ്ങൾ അറിവിന്റെ അക്ഷയഖനികളാണ്.

B എല്ലാ പുസ്തകങ്ങളും ഓരോ തരത്തിൽ അറിവു നൽകുന്നതാണ്.

C അറിവു നേടാൻ പുസ്തകം വായിക്കണം.

D പുസ്തകപാരായണം മാത്രമാണ് അറിവു നേടാനുള്ള ഏകവഴി.

13. ശരിയായ വിധത്തിൽ ചിഹ്നങ്ങൾ ചേർക്കാത്ത വാക്യം ഏത്?

A രാമൻ സീതയെ വരിച്ചു; ലക്ഷ്മണൻ ഊർമ്മിളയേയും.

B ഹായ് ! എന്തൊരു ചന്തം!

C 'ഞാൻ സ്വതന്ത്രനായി' അയാൾ വിളിച്ചു പറഞ്ഞു.

D ഈ രാത്രിയിൽ നല്ല മഞ്ഞുണ്ട്, നിലാവുമുണ്ട്.

14. കുട്ടിക്കതിരവനംബരലക്ഷ്മിതൻ

പട്ടുടയാടയിൽ തൂങ്ങിടുമ്പോൾ

ഞെട്ടിയുണർന്നൊരു ബാലമരുത്തു പൂ-

മൊട്ടിനെത്തട്ടിയുണർത്തിടുമ്പോൾ.

ഏത് സമയമാണ് ഇവിടെ കവി സൂചിപ്പിച്ചിട്ടുള്ളത്?

A പ്രദോഷം
B പ്രഭാതം

C മധ്യാഹ്നം
D രാത്രി

15. അപ്പാവം ജീവിച്ച നാ-

ളവനെത്തുണയ്ക്കാഞ്ഞോർ

തൽപ്രാണനെടുത്തപ്പോൾ

താങ്ങുവാൻ മുതിർന്നെത്തി.

ഈ വരികളിലൂടെ കവി നിർവ്വഹിക്കുന്നത് എന്ത്?

A സമൂഹത്തെ പരിഹസിക്കുന്നു.

B സമൂഹത്തോട് പ്രതിഷേധിക്കുന്നു.

C സമൂഹത്തിന് മാർഗ്ഗദർശനം നൽകുന്നു.

D സമൂഹത്തിന്റെ ദാരിദ്ര്യം വരച്ചു കാട്ടുന്നു.

# ഉത്തരസൂചിക

1. B
2. D
3. A
4. A
5. D
6. B
7. B
8. C
9. B
10. B
11. C
12. B
13. C
14. B
15. A